I.T.
LA B. 30.06.14

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 25.06.2014- ൽ മറുപടിക്ക്

നം. 3992

## ഭക്ഷ്യസുരക്ഷാ ഓഫീസർ നിയമന മാനദണ്ഡവും ഒഴിവുകളും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ (എഫ്.എസ്.ഒ) നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ: | എ) | 2011-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര ചട്ടത്തിലെ 2.1.3-ൽ നിഷ്കർഷിക്കുന്ന യോഗ്യതയുള്ളവരെ മാത്രമേ ഭക്ഷ്യസുരക്ഷാ ഓഫീസർമാരായി നിയമിക്കുവാൻ കഴിയുകയുള്ളു. (വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.) |
| ബി) | സംസ്ഥാനത്തൊട്ടാകെ എഫ്.എസ്.ഒ മാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) | 155 തസ്തികകളാണ് നിലവിലുള്ളത്. |
| സി) | എഫ്.എസ്.ഒ.മാരായി നിയമിക്കുന്നതിനുള്ള നിശ്ചിതയോഗ്യത എന്താണെന്നും ആരോഗ്യവകുപ്പിൽ നിന്നും ബൈട്രാൻസ്ഫർ മുഖേന ഈ തസ്തികയിൽ ആളെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ മാനദണ്ഡം എന്താണെന്നും വ്യക്തമാക്കാമോ? | സി) | 2011-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര ചട്ടത്തിലെ 2.1.3-ൽ നിഷ്കർഷിക്കുന്ന യോഗ്യതയുള്ളവരെ മാത്രമേ ഭക്ഷ്യസുരക്ഷാ ഓഫീസർമാരായി നിയമിക്കുവാൻ കഴിയുകയുള്ളു. ആരോഗ്യവകുപ്പിൽ നിന്ന് ബൈട്രാൻസ്ഫർ മുഖേന ഈ തസ്തികയിലേക്ക് ആളെ നിയമിക്കുവാൻ ഉദ്ദേശിച്ചിട്ടില്ല. എന്നാൽ നിലവിൽ വളരെയധികം ഒഴിവുകൾ നിലവിലുള്ളതിനാൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിശ്ചിത യോഗ്യതയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയമിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| ഡി) | സംസ്ഥാനത്തൊട്ടാകെ എഫ്.എസ്.ഒ.മാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | ഡി) | വിവരം അനുബന്ധം-II ആയി ചേർത്തിരിക്കുന്നു. |
| ഇ) | വൈപ്പിൻ മണ്ഡലത്തിൽ എത്ര എഫ്.എസ്.ഒ.മാർ നിലവിലുണ്ട്; എത്ര ഒഴിവുകൾ ഉണ്ട്? | ഇ) | ഒരു തസ്തികയാണ് നിലവിലുള്ളത്. ടി തസ്തികയിൽ, ഇടപ്പള്ളി സർക്കിളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർക്ക് അധിക ചുമതല നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**